ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 27.06.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. മൂന്നു ദിവസത്തെ സന്ദർശനത്തിനായി സേ-ഷെൽസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഇന്ത്യൻ സമൂഹത്തിൻറെ ഊഷ്മള സ്വീകരണം.
   Prime Minister Narendra Modi receives a warm welcome from the Indian community on his arrival in Seychelles for a three-day visit.
2. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്.
   Prime Minister Narendra Modi's monthly radio programme, Mann Ki Baat, will be broadcast tomorrow at 11 a.m.
3. രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത ടാക്സി സർവീസായ 'ഭാരത് ടാക്സി' കേന്ദ്ര മന്ത്രി അമിത് ഷാ ഗുജറാത്തിൽ ഉദ്ഘാടനം ചെയ്തു.
   Union Home Minister Amit Shah inaugurates Bharat Taxi, the country's first cooperative-based taxi service, in Gujarat.
4. രാജ്യവ്യാപക പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ; കേരളത്തിൽ അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് തുള്ളി മരുന്നു നൽകും.
   Nationwide Pulse Polio immunisation drive to be held tomorrow; nearly 1.98 million children below the age of five to receive polio drops in Kerala.

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യത; കേരള തീരത്ത് നാളെ മുതൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rainfall likely in several districts of Kerala; fishing banned along the Kerala coast from tomorrow till Wednesday.**

6. ലോകകപ്പ് ഫുട്ബോളിൽ അർജന്റീന നാളെ ജോർദനെയും പോർച്ചുഗൽ കൊളംബിയയെയും നേരിടും.

**In the FIFA World Cup, Argentina will take on Jordan, while Portugal will face Colombia tomorrow.**

***************

## PM SEYCHELLES UPDATED

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി സേ-ഷെൽസിൽ എത്തി. പ്രസിഡന്റ് പാട്രിക് ഹെർമിനിയുടെ നേതൃത്വത്തിൽ അദ്ദേഹത്തിന് വിമാനത്താവളത്തിൽ ഊഷ്മള സ്വീകരണം നൽകി.

സേ-ഷെൽസിലെ ഇന്ത്യൻ സമൂഹവും പ്രധാനമന്ത്രിയെ ആവേശപൂർവം എതിരേറ്റു. സേ-ഷെൽസ് ദേശീയ ദിനത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ ശ്രീ മോദി വിശിഷ്ടാതിഥിയാകും.

*****************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലൂടെയും മൻ കി ബാത്ത് തത്സമയം കേൾക്കാം.

*****************

## AMIT SHAH GUJARAT (INTRO)

രാജ്യത്തെ ആദ്യ സഹകരണ അധിഷ്ഠിത ടാക്സി സർവീസായ 'ഭാരത് ടാക്സി' കേന്ദ്ര മന്ത്രി അമിത് ഷാ ഗുജറാത്തിൽ ഉദ്ഘാടനം ചെയ്തു.

അടുത്ത രണ്ട് വർഷത്തിനുള്ളിൽ 500 നഗരങ്ങളിലേക്ക് കൂടി സർവീസ് വ്യാപിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. നിലവിലുള്ള ഓൺലൈൻ ടാക്സി ആപ്പുകൾ ഉയർന്ന കമ്മീഷൻ ചുമത്തുകയും ഡ്രൈവർമാരുടെ പ്രതിഫലം വൈകിപ്പിക്കുകയും ചെയ്യുന്നതായി ശ്രീ അമിത് ഷാ ആരോപിച്ചു.
( വോയിസ്...)

******************

## BHAGYARAJ PASSED AWAY

തമിഴ് നടനും സംവിധായകനുമായ കെ. ഭാഗ്യരാജിന്റെ നിര്യാണത്തിൽ ഉപരാഷ്ട്രപതി സി. പി രാധാകൃഷ്ണൻ, തമിഴ്നാട് മുഖ്യമന്ത്രി സി. ജോസഫ് വിജയ്, ഡിഎംകെ മേധാവിയും മുൻ മുഖ്യമന്ത്രിയുമായ എം.കെ. സ്റ്റാലിൻ തുടങ്ങിയവർ അനുശോചിച്ചു. സംസ്കാരം നാളെ ചെന്നൈയിൽ നടക്കും. ഹൃദയാഘാതത്തെ തുടർന്ന് ഇന്ന് രാവിലെയായിരുന്നു ഭാഗ്യരാജിന്റെ അന്ത്യം. 73 വയസ്സായിരുന്നു. 25-ലധികം ചിത്രങ്ങൾ സംവിധാനം ചെയ്യുകയും 75-ഓളം സിനിമകളിൽ അഭിനയിക്കുകയും ചെയ്തിട്ടുണ്ട്. മൗനഗീതങ്ങൾ, മുന്താണൈ മുടിച്ച് എന്നിവയാണ് പ്രശസ്ത ചിത്രങ്ങൾ.

******************

## PULSE POLIO

രാജ്യവ്യാപക പൾസ് പോളിയോ തുള്ളിമരുന്ന് വിതരണം നാളെ. സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ തിരുവനന്തപുരത്ത് ആരോഗ്യമന്ത്രി കെ മുരളീധരൻ നിർവ്വഹിക്കും. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്ക് പോളിയോ തുള്ളി മരുന്നുനൽകും. ഇതിനായി 22,288 ബൂത്തുകളും 46,663 സന്നദ്ധപ്രവർത്തകരെയും നിയോഗിച്ചിട്ടുണ്ട്. യാത്രാവേളയിൽ വാക്സിൻ നൽകാൻ പ്രത്യേക ബൂത്തുകളും ക്രമീകരിച്ചിട്ടുണ്ട്. നാളെ ബൂത്തുകളിൽ എത്താനാകാത്ത കുഞ്ഞുങ്ങൾക്ക് തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ വീടുകളിലെത്തി വാക്സിൻ നൽകും.

******************

## IRAN ATTACKS BAHRAIN

ദ്വീപ് രാഷ്ട്രമായ ബഹ്റൈനെ ലക്ഷ്യമിട്ട് ഇറാൻ വീണ്ടും ഡ്രോൺ ആക്രമണം നടത്തി. നിരവധി ഡ്രോണുകൾ രാജ്യത്തെ ലക്ഷ്യമിട്ടതായി ബഹ്റൈൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ

അറിയിച്ചു. ഹോർമുസ് കടലിടുക്കിലൂടെ സഞ്ചരിച്ച കപ്പലിന് നേർക്കുണ്ടായ ആക്രമണത്തിന് മറുപടിയായി അമേരിക്ക ടെഹ്റാനിൽ ആക്രമണം നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് ഇറാന്റെ തിരിച്ചടി.

******************

## CHAMPAT RAI RESIGNATION

അയോധ്യ രാമക്ഷേത്രത്തിലെ സംഭാവന തട്ടിപ്പ് പ്രശ്നത്തെ തുടർന്ന് ശ്രീരാമ ജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത് റായിയുടെയും ട്രസ്റ്റി അനിൽ മിശ്രയുടെയും രാജി ഔദ്യോഗികമായി അംഗീകരിച്ചു. വിഷയം അടുത്ത യോഗത്തിൽ ചർച്ച ചെയ്യുമെന്ന് ട്രഷറർ സ്വാമി ഗോവിന്ദ് ദേവ് ഗിരി മഹാരാജ് പ്രസ്താവനയിൽ  അറിയിച്ചു.

******************

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം മൂന്ന് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

******************

## VP – MSME DAY

ലോകമെമ്പാടുമുള്ള ഏതു സമ്പദ്വ്യവസ്ഥയുടെയും ശക്തി എംഎസ്എംഇ മേഖലയാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഇന്ത്യയുടെ മൊത്തം കയറ്റുമതിയുടെ ഏകദേശം 50 ശതമാനവും സൂക്ഷ്മ - ചെറുകിട - ഇടത്തരം മേഖലയുടെ സംഭവനയാണെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. എംഎസ്എംഇ ദിനത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

******************

## SHIGELLA KERALA

കേരളത്തിൽ ഇന്ന് 10 പേർക്ക് കൂടി ഷിഗെല്ല സ്ഥിരീകരിച്ചു. മലപ്പുറം 5, കോഴിക്കോട് 4, വയനാട് 1 എന്നിങ്ങനെയാണ് ഇന്നത്തെ കണക്ക്. ജൂൺ മാസം 190 കേസുകളും 6 മരണവും റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. ഈ വർഷം ഇതുവരെ 266 പേർക്ക് ഷിഗെല്ല സ്ഥിരീകരിച്ചിട്ടുണ്ട്.

******************

## KEAM

കീം പരീക്ഷാഫലം പ്രഖ്യാപിച്ചു. ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോണാണ് ഫലം പ്രഖ്യാപിച്ചത്. എൻജിനിയറിംഗിൽ അങ്കമാലി സ്വദേശി റോഷൻ രാജു ഒന്നാം റാങ്കു കരസ്ഥമാക്കി. ബി.ഫാം വിഭാഗത്തിൽ തൃശ്ശൂർ സ്വദേശി വിനായക് നാരായണനാണ് ഒന്നാം റാങ്ക്. അടുത്ത മാസം എട്ടിനാണ് ആദ്യ അലോട്ട്മെൻ്റ്.

******************

## FIFA WC (INTRO)

ലോകകപ്പ് ഫുട്ബോളിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന നാളെ ജോർദനെ നേരിടും. രാവിലെ 7.30നാണ് മത്സരം.

വിശദാംശങ്ങളിലേക്ക്

(വോയ്സ്)

*ഗ്രൂപ്പ് ജെ-യിൽനിന്ന് ഇതിനകം അർജന്റീന നോക്കൗട്ട് ഉറപ്പിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പിലെ അൾജീരിയ-ഓസ്ട്രിയ മത്സരവും നാളെ രാവിലെ 7.30നാണ്.*

*ഗ്രൂപ്പ് എല്ലിലെ പനാമ-ഇംഗ്ലണ്ട്, ക്രൊയേഷ്യ-ഘാന മത്സരങ്ങൾ പുലർച്ചെ 2.30ന് നടക്കും. നാളെ പുലർച്ചെ അഞ്ചിനു നടക്കുന്ന ഗ്രൂപ്പ് കെ പോരാട്ടങ്ങളിൽ കൊളംബിയ പോർച്ചുഗലിനെയും, കോംഗോ ഉസ്ബെക്കിസ്ഥാനെയും നേരിടും. ഇന്നു പുലർച്ചെ നടന്ന മത്സരത്തിൽ ഇറാനോട് സമനില വഴങ്ങിയ ഈജിപ്ത് ഇതാദ്യമായി ലോകകപ്പിന്റെ നോക്കൗട്ട് ഘട്ടത്തിൽ കടന്നു. ന്യൂസിലൻഡിനെ തോൽപ്പിച്ച ബെൽജിയവും നോക്കൗട്ട് ഉറപ്പാക്കി.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

******************

## BADMINTON US OPEN

യുഎസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ സിംഗിൾസിൽ ഇന്ത്യയുടെ ദേവിക സിഹാഗ് സെമി ഫൈനലിൽ. കാലിഫോർണിയയിൽ നാളെ പുലർച്ചെ നടക്കുന്ന മത്സരത്തിൽ ദേവിക, ഡെന്മാർക്ക് താരത്തെ നേരിടും. പുരുഷ സിംഗിൾസിൽ റൗനക് ചൗഹാനും കിഡംബി ശ്രീകാന്തും സെമിയിൽ ഇടം നേടിയിട്ടുണ്ട്.

******************

## RAIN

കേരളത്തിൽ വിവിധ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കേരള തീരത്ത് നാളെ മുതൽ ബുധനാഴ്ച വരെയും കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ ബുധനാഴ്ച വരെയും മത്സ്യ ബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

******************

## IMD- WEATHER

ഗുജറാത്ത്, മധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ബിഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ കൂടുതൽ ശക്തി പ്രാപിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വരും ദിവസങ്ങളിൽ പശ്ചിമ ബംഗാൾ, സിക്കിം എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്.

******************

## Aranmula Vallasadya(NTRO)

പ്രസിദ്ധമായ ആറന്മുള വള്ളസദ്യയ്ക്കുള്ള വഴിപാട് ബുക്കിംഗ് 430 കടന്നു. അടുത്ത മാസം 19 മുതലാണ് വള്ളസദ്യ. സ്പെഷ്യൽ പാസ് സദ്യ ബുക്കിംഗ് ജൂലൈ 1 മുതൽ ആരംഭിക്കും.

**കൂടുതൽ വിവര ങ്ങളുമായി ആകാശവാണി പ ത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**( വോയിസ്....)**

******************

## PMML - PV NARSHIMA RAO

മുൻ പ്രധാനമന്ത്രി പി വി നരസിംഹറാവുവിന്റെ 105-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, പ്രധാനമന്ത്രി മ്യൂസിയം ആൻഡ് ലൈബ്രറി, ന്യൂഡൽഹിയിൽ പ്രത്യേക പ്രദർശനം സംഘടിപ്പിച്ചു. പിഎംഎംഎൽ എക്സിക്യൂട്ടീവ് കൗൺസിൽ ചെയർമാൻ നൃപേന്ദ്ര മിശ്ര ഉദ്ഘാടനം ചെയ്തു.

******************

## JEWAR INAUGURATION

ഉത്തർപ്രദേശിലെ ജേവറിൽ ആംബർ ആൻഡ് അസെന്റ്-കെ സർക്യൂട്ട്സ് നിർമ്മാണ പ്ലാന്റിന്റെ ശിലാസ്ഥാപനം കേന്ദ്രമന്ത്രിമാരായ അശ്വിനി വൈഷ്ണവ്, ഭൂപേന്ദർ യാദവ്, മുഖ്യമന്ത്രി യോഗി ആദിത്യനാഥ് എന്നിവർ ചേർന്ന് നിർവഹിച്ചു. വിശ്വസനീയ നൈപുണ്യമുള്ള നിർമാണ പങ്കാളിയായാണ് ലോകം ഇന്ത്യയെ കാണുന്നതെന്ന് ശ്രീ ഭൂപേന്ദർ യാദവ് പറഞ്ഞു.

******************

## MDMK - ALLIANCE EXIT

തമിഴ്നാട്ടിൽ, ഡിഎംകെയുമായുള്ള സഖ്യം അവസാനിപ്പിച്ച് എംഡിഎംകെ പാർട്ടി. ജനറൽ സെക്രട്ടറി വൈക്കോയുടെ നേതൃത്വത്തിൽ ഇന്ന് ചെന്നൈയിൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിൽ ഒമ്പത് വർഷത്തെ സഖ്യത്തിൽ നിന്ന് പിന്മാറുന്നതിനുള്ള പൊതു പ്രമേയം പാസാക്കി. തമിഴ്നാട് നിയമസഭയിൽ എംഡിഎംകെയ്ക്ക് രണ്ട് എംഎൽഎമാരുണ്ട്.

******************

## UK- NEW IMMIGRATION RULES

അർഹരായ അഭയാർഥികൾക്ക് സുരക്ഷിതത്വവും നിയമ പരിരക്ഷയും ഉറപ്പാക്കുന്ന പുതിയ കുടിയേറ്റ നയം പ്രഖ്യാപിച്ച് ബ്രിട്ടീഷ് സർക്കാർ. അനധികൃതമായി രാജ്യത്ത് കഴിയുന്നവരെ നാടുകടത്തുന്നത് എളുപ്പമാക്കുന്നതിന് കുടിയേറ്റ നിയമങ്ങൾ കർശനമാക്കാനും തീരുമാനമായി. കാനഡയുടെ ദീർഘകാല കമ്മ്യൂണിറ്റി സ്പോൺസർഷിപ്പ് പ്രോഗ്രാമിന്റെ മാതൃകയിൽ, സംഘടനകൾക്കും സർവകലാശാലകൾക്കും തൊഴിലുടമകൾക്കും, ബ്രിട്ടനിൽ സ്ഥിരതാമസമാക്കാൻ ആഗ്രഹിക്കുന്ന അഭയാർഥികളെ സ്പോൺസർ ചെയ്യാനുള്ള നടപടിയും ആവിഷ്കരിച്ചിട്ടുണ്ട്.

******************

********

***